**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 406** **10.03.2015-ൽ മറുപടിയ്ക്ക്**

## മിഷൻ 676 - സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവത്ക്കരണം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബെന്നി ബെഹനാൻൻ<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. എ. റ്റി. ജോർജ്ജ് :<br>ശ്രീ. ടി. എൻ. പ്രതാപൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതവത്ക്കരിക്കുവാൻ മിഷൻ 676 ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (എ) | ഉത്തരം അനുബന്ധം-എ ആയി നൽകിയിരിക്കുന്നു. |
| (ബി) | എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നല്കാമോ ; | (ബി) | മിഷൻ 676 പ്രകാരം 8.7 ലക്ഷം കണക്ഷനുകളാണ് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ആദ്യത്തെ 100 ദിനത്തിൽ 1 ലക്ഷം കണക്ഷനും 101 മുതൽ 200 വരെ ദിവസങ്ങളിൽ 1,15,000 കണക്ഷനും 201 മുതൽ 300 വരെ ദിവസങ്ങളിൽ 1,30,000 കണക്ഷനും 301 മുതൽ 400 വരെ ദിവസങ്ങളിൽ 1,35,000 കണക്ഷനും 401 മുതൽ 500 വരെ ദിവസങ്ങളിൽ 1,30,000 കണക്ഷനും 501 മുതൽ 600 വരെ ദിവസങ്ങളിൽ 1,31,000 കണക്ഷനും 601 മുതൽ 676 വരെ ദിവസങ്ങളിൽ 1,29,000 കണക്ഷനുകളും നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ആദ്യത്തെ 100 ദിനത്തിൽ 1,09,806 കണക്ഷനും 101 മുതൽ 200 വരെ ദിവസങ്ങളിൽ 1,03,899 കണക്ഷനും 201 മുതൽ 31.01.2015 വരെ (282- ാം ദിവസം) 1,27,407 കണക്ഷനും ഉൾപ്പെടെ ആകെ 3,41,112 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ; | (സി) & (ഡി) | രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (ആർ.ജി.ജി.വി.വൈ.) എന്ന കേന്ദ്ര പദ്ധതി പ്രകാരം 01.08.2014 നകം കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. കൂടാതെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളുടെ സമ്പൂർണ്ണ |
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നല്കാമോ ? | | |

വൈദ്യുതീകരണം 30.09.2014-നകവും പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ കേന്ദ്ര പദ്ധതി പ്രകാരം കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വൈദ്യുത കണക്ഷനുകളും നൽകിയിട്ടുണ്ട്. മലബാറിലെ രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണവും സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനവും 26.07.2014-ൽ കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞിയിൽ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ വൈദ്യുതീകരണം പൂർത്തീകരിച്ചു. 18 ഫെബ്രുവരി 2015 വരെയുള്ള മിഷൻ 676 ന്റെ പുരോഗതിയും മറ്റും വിശദാംശങ്ങൾ അനുബന്ധം (ബി) ൽ ഉണ്ട്.

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്